**പതിനാലാം കേരള നിയമസഭ**

**5-ാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 3384** **11.05.2017 -ൽ മറുപടിയ്ക്ക്**

# ഡി.റ്റി.പി.സി.കളിൽ ജോലി ചെയ്യുന്നവരുടെ സേവന വേതന വ്യവസ്ഥകൾ

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| ശ്രീ.ബി.സത്യൻ : | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ** (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ ഡി.റ്റി.പി.സി.കളിൽ ജോലി ചെയ്യുന്നവരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കണമെന്ന അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഇതിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | ഡി.റ്റി.പി.സി.കളിൽ ജോലി ചെയ്യുന്നവരുടെ സേവന വേതന വ്യവസ്ഥകൾ ഏകീകരിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ നടത്തി വരുന്നുണ്ട്. സംസ്ഥാനത്തെ 14 ഡി.റ്റി.പി.സി.കളിലേയും ജോലി നിലവിൽ ഏക സ്വഭാവമില്ലാത്തതാണ്. അതിനനുസരിച്ചുള്ള വേതനമാണ് ജീവനക്കാർക്ക് നൽകി വരുന്നത്. ഡി.റ്റി.പി.സി.കളിൽ നിലവിലുള്ള ജീവനക്കാരുടെ എണ്ണം , സ്ഥിരം ജീവനക്കാർ, അവർക്ക് നൽകി വരുന്ന വേതനം എന്നീ കാര്യങ്ങളിൽ സ്പഷ്ടത വരുത്തുന്നതിനുവേണ്ടി എല്ലാ ഡി.റ്റി.പി.സികളിലും അറിയിപ്പ നൽകുകയും ആയതു സംബന്ധിച്ച് മറുപടികൾ ലഭിക്കുകയും ചെയ്തു വരുന്നുണ്ട്. ഡിറ്റിപിസികളിലെ നിലവിലുള്ള സേവന വേതന വ്യവസ്ഥകൾ ഏകീകരിക്കുന്നതുമായി ബന്ധപ്പെട്ട ഒരു പ്രൊപ്പോസൽ തയ്യാറാക്കി നൽകാൻ ടൂറിസം വകുപ്പ് അഡീഷണൽ ഡയറക്ടർ (ജനറൽ) ന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ തീരുമാനപ്രകാരം തയ്യാറാക്കപ്പെട്ട സ്റ്റാഫ് റഗുലറൈസേഷൻ & സർവ്വീസ് റൂൾസിന്റെ കരടിന്മേൽ ചർച്ച ചെയ്യുന്നതിനുവേണ്ടി കൂടിയ കമ്മറ്റിയുടെ |

തീരുമാനപ്രകാരം ഓരോ ഡി.റ്റി.പി.സി കളിലേയും ഡെസ്റ്റിനേഷനുകളിൽ ആവശ്യമായ തസ്തികകൾ നിർണ്ണയിച്ച് നൽകാൻ പ്രത്യേക കമ്മറ്റികൾ രൂപീകരിക്കുവാൻ എല്ലാ ജില്ലാ കളക്ടർമാർക്കും അറിയിപ്പ് നൽകിയിട്ടുണ്ട്. അതിന്റെ മറുപടി അതത് ഡി.റ്റി.പി.സി.കളിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് മാത്രമേ സേവന വേതന വ്യവസ്ഥകൾ ഏകീകരിക്കുവാൻ സാധ്യമാവുകയുള്ളൂ.

സെക്ഷൻ ഓഫീസർ